LIBRARY ARCHIVES Kerala Legislative Assembly

പുറമ്പോക്ക് ഭൂമി

152 (7121) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നഗരസഭകളിലും കോർപ്പറേഷനിലും പഞ്ചായത്തുകളിലുമായി എത്ര പുറമ്പോക്ക് ഭൂമി ഇപ്പോൾ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുണ്ട് ; ഇവയുടെ വിസ്തൃതി സംബന്ധിച്ച ഏകദേശ തിരിച്ചുള്ള കണക്ക് കോർപ്പറേഷൻ, നഗരസഭ, പഞ്ചായത്ത് അടിസ്ഥാനത്തിൽ ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ടി പുറമ്പോക്ക് ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരം നൽകുമോ ; ഇത്തരത്തിൽ നടന്നിട്ടുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്നുള്ള വിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ഫ്ളാറ്റ് നിർമ്മാണ കമ്പനിയുടെ പുറമ്പോക്ക് ഭൂമി കൈയേറ്റം

153 (7122) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പാറ്റൂരിലെ പുറംമ്പോക്ക് ഭൂമി മുംബൈ കേന്ദ്രമാക്കിയുള്ള 'അമൃത് മാൾ' എന്ന സ്വകാര്യ ഫ്ളാറ്റ് നിർമ്മാണ കമ്പനികയ്യേറി ഫ്ളാറ്റ് നിർമ്മാണം ആരംഭിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുറമ്പോക്ക് ഭൂമിയിൽ ഫ്ളാറ്റ് നിർമ്മാണം നടത്തുവാൻ ആരാണ് അനുവാദം നൽകിയത് ;

(സി) ആമയിഴഞ്ചാൻ തോടുമായി ബന്ധപ്പെടുത്തിയിരിക്കുന്ന സീവറേജ് ലൈൻമാറ്റി സ്ഥാപിക്കാൻ ആരാണ് അനുവാദം നൽകിയത് ; ഈ സീവറേജ് ലൈനിന്റെവഴി തിരിച്ചുവിട്ടാൽ അഴുക്ക് ഒഴുകി പോകില്ലെന്ന ഉപദേശം ലഭിച്ചിട്ടുണ്ടോ ;

(ഡി) ചട്ടവിരുദ്ധമായി പുറമ്പോക്കിൽ നിർമ്മാണം നടത്താൻ അനുമതി നടത്തിയവരുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) കയ്യേറ്റം സംബന്ധിച്ച് വിശദമായ അന്വേഷണം നടന്നുവരുന്നു. റവന്യൂവകുപ്പിൽനിന്ന് അനുമതി നൽകിയിട്ടില്ല.

(സി) ലാന്റ് റവന്യൂ കമ്മീഷണർ അദ്ധ്യക്ഷനായ നാലംഗ ഉദ്യോഗതല കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നിർദ്ദേശം നൽകിയത്. സ്വിവറേജ് ലൈനിന്റെവഴി തിരിച്ചുവിട്ടാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഉപദേശമൊന്നും ലഭിച്ചിട്ടില്ല.

(ഡി) അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

പാറ്റൂരിൽ ഫ്ളാറ്റ് നിർമ്മാണ കമ്പനിയുടെ സർക്കാർഭൂമി കൈയേറ്റം

164 (7123) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പാറ്റൂരിൽ ഫ്ളാറ്റുനിർമ്മാണ കമ്പനി സർക്കാർഭൂമി കയ്യേറിയതായ പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് അന്വേഷണം നടന്നതെന്ന് വിശദമാക്കുമോ ;

(സി) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലാന്റ് റവന്യൂ കമ്മീഷണർ ചെയർമാനായും തിരുവനന്തപുരം ജില്ലാ കളക്ടർ, സർവ്വെ ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റി അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

കൊടകര പുലിപ്പാറക്കുന്നിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് നടപടി

165 (7124) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകരയിലെ പുലിപ്പാറക്കുന്ന് നാല് സെന്റ് കോളനിയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഇപ്പോഴത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly